**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടികൾ സ്പോൺസർഷിപ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് ഗ്രാമവണ്ടികൾ ഓടിത്തുടങ്ങിയതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29.07.2022-ന് ഗ്രാമവണ്ടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടക്കുകയും, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിൽ 19.8.2022-ന് ജില്ലാതല ഉദ്ഘാടനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ ഗ്രാമവണ്ടി ഓടിത്തുടങ്ങിയിട്ടുമുണ്ട്. |
| (ബി) | ഒരു മാസത്തെ ഇന്ധനച്ചെലവ് കെ.എസ്.ആർ.ടി.സി.യ്ക്ക് മുൻകൂറായി നൽകണമെന്ന വ്യവസ്ഥ കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാമവണ്ടികൾ സ്പോൺസർ ചെയ്യുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്കായി സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആരംഭിച്ച പ്രത്യേക ബോണ്ട് സർവ്വീസുകൾ, കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാഹചര്യത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകളിൽ മാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളൂ.<br><br>കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി അപേക്ഷിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ